പി.റ്റി (3) 5658/2021

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 21.10.2021
Email : keralarcs@gmail.com
Website : www.cooperation kerala.gov.in
Tel.No. : 04712330726

**സർക്കുലർ നമ്പർ 44 /2021**

വിഷയം :- 68ാംമത് - സഹകരണ വാരാഘോഷം സംഘടിപ്പിക്കുന്നതിനുള്ള - മാർഗ്ഗ നിർദ്ദേശം - സംബന്ധിച്ച്.

സൂചന :- 1) 02.09.2021-ലെ ബഹു: സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം.
2) സംസ്ഥാന സഹകരണ യൂണിയന്റെ 05.10.2021-ലെ പി.ആർ.4696/2021 നമ്പർ കത്ത്.

68 -ാംമത് അഖിലേന്ത്യാ സഹകരണ വാരാഘോഷം 2021 നവംബർ 14 മുതൽ 20 വരെ സംഘടിപ്പിക്കുന്നതിന് സംസ്ഥാന സഹകരണ യൂണിയൻ തീരുമാനിച്ചിട്ടുണ്ട്. സഹകരണ വാരാഘോഷം സംഘടിപ്പിക്കുന്നത് സംബന്ധിച്ച് 02.09.2021-ന് ബഹു: സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം ഉദ്ഘാടന പരിപാടികൾ തിരുവനന്തപുരത്ത് വച്ചും സമാപന പരിപാടികൾ കോഴിക്കോട് വച്ചും നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ വർഷത്തെ വാരാഘോഷത്തിന്റെ പ്രമേയം “Prosperity through Co-operation” (സമ്പൽസമൃദ്ധി സഹകരണത്തിലൂടെ) എന്നതാണ്.

68 -ാംമത് അഖിലേന്ത്യാ സഹകരണ വാരാഘോഷ ദിനങ്ങളുടെ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 14.11.2021 | Role of Co-operatives in Tackling Covid Pandemic And Strengthening Health<br>(കോവിഡ് പ്രതിസന്ധിയെ നേരിടുന്നതിലും, ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുന്നതിലും സഹകരണ പ്രസ്ഥാനങ്ങളുടെ പങ്ക്) |
| 15.11.2021 | Co-operative Marketing, Consumers, Processing And Value Addition. |

(സഹകരണവിപണനം,ഉപഭോക്താക്കൾ,സംസ്കരണം, മൂല്യവർദ്ധനവ്)

| | | |
|---|---|---|
| 16.11.2021 | Ease of Doing Business for Co-operatives.<br>(സഹകരണ സ്ഥാപനങ്ങൾക്ക് ബിസിനസ്സ് ചെയ്യുന്നതിനുള്ള സൗകര്യം) |
| 17.11.2021 | Role of Co-operatives in Fostering Innovation,Employment Generation and Bringing in Professionalism.<br>(നവീകരണം പ്രോത്സാഹിപ്പിക്കൽ, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, തൊഴിൽ വൈശിഷ്ട്യം രൂപപ്പെടുത്തൽ എന്നിവയിൽ സഹകരണ സംഘങ്ങളുടെ പങ്ക്.) |
| 18.11.2021 | Entrepreneurship Development and Strengthening Public/Private Co-operative Partnership.<br>(സംരംഭകവികസനവും, പൊതു-സ്വകാര്യസഹകരണ പങ്കാളിത്തം ശക്തിപ്പെടുത്തലും) |
| 19.11.2021 | Co-operatives for youth, women and weaker Sections.<br>(യുവാക്കൾക്കും, സ്ത്രീകൾക്കും, ദുർബല വിഭാഗങ്ങൾക്കുമുള്ള സഹകരണ പ്രസ്ഥാനങ്ങൾ) |
| 20.11.2021 | Financial inclusion, Digitalization and Social Media through Co-operatives.<br>(സാമ്പത്തികം ഉൾപ്പെടുത്തലും, ഡിജിറ്റലൈസേഷനും,സാമൂഹിക മാധ്യമങ്ങളും- സഹകരണ പ്രസ്ഥാനത്തിലൂടെ) |

മേൽ പറഞ്ഞ ദിനങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ജില്ലയിലെ സഹകരണ ബാങ്കുകൾ, അപ്പക്സ് സഹകരണ സംഘങ്ങൾ സഹകരണ സ്ഥാപനങ്ങൾ, സർക്കിൾ സഹകരണ യൂണിയനുകൾ അവരവരുടെ പ്രവർത്തന പരിധിയിൽപ്പെട്ട സംഘങ്ങളുമായി യോജിച്ച് നവംബർ 14-ന് പതാക ഉയർത്തി സഹകരണ പ്രതിജ്ഞ ചൊല്ലേണ്ടതാണ്.

സംസ്ഥാന തലത്തിൽ സംസ്ഥാന സഹകരണ യൂണിയനും സർക്കിൾ തലത്തിൽ അതാത് സർക്കിൾ സഹകരണ യൂണിയനുകൾക്കുമാണ് സംഘാടന ചുമതല.ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും,നടത്തിപ്പിനുമായി എല്ലാ ജില്ലകളിലും യൂണിയൻ ബോർഡ് മെമ്പർ ചെയർമാനായും ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറായും, യൂണിയൻ പ്രസിഡന്റ്മാർ അംഗങ്ങളായും സ്വാഗത സംഘം രൂപീകരിക്കേണ്ടതാണ്.

വാരാഘോഷത്തിന്റെ ഭാഗമായി സഹകരണ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രഗത്ഭ്യമുള്ളവരെ പങ്കെടുപ്പിച്ച കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സെമിനാറുകൾ സംഘടിപ്പിക്കേണ്ടതാണ്.

(ഒപ്പ്)

പി.ബി.നൂഹ്, ഐ.എ.എസ്,
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

1. അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
2. ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
3. സി.ഇ.ഒ,കേരള സംസ്ഥാന സഹകരണ ബാങ്ക്.
4. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.
5. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും.
6. എല്ലാ സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ/സെക്രട്ടറിമാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം.
7. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
8. അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്.
9. സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി.റ്റി/പി.റ്റി)